" ഭരണ ഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

തൊഴിൽ ഭവൻ, തിരുവനന്തപുരം-33

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

## (നിലവിൽ: സബിൻ ജോസ്)

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ചാലക്കുടി ഐ.ടി.ഐയിലെ അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് ശ്രീ.സജിത്ത് കുമാർ.കെ.എസ് നെ സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ചാലക്കുടി ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 24.06.2017-ലെ സി4/1472/17- ാം നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ് നമ്പർ : എ3/15953/12 തീയതി : 31.01.2018**

ചാലക്കുടി ഐ.ടി.ഐയിലെ അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് ശ്രീ.സജിത്ത് കുമാർ.കെ.എസ് ടി സ്ഥാനത്തിലെ ഹോസ്റ്റലിൽ താമസിക്കുന്ന ട്രെയിനികളെ ശ്രദ്ധിക്കാൻ തയ്യാറാകുന്നില്ലയെന്നും ടി വിഷയവുമായി ബന്ധപ്പെട്ട നൽകിയ മെമ്മോയ്ക്ക് കൃത്യമായ മറുപടി നൽകുന്നില്ലയെന്നും ടി സ്ഥാപനത്തിലെ ഹോസ്റ്റലിൽ ചില ക്രമക്കേടുകൾ ഉള്ളതായി ഹോസ്റ്റൽ പരിശോധിക്കുന്നതിനായി നിയോഗിച്ച കമ്മറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഹോസ്റ്റലിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഹോസ്റ്റലിൽ താമസിക്കുന്ന ട്രെയിനികളെ നോക്കാൻ ഇൻസ്ട്രക്ടറെയോ, വർക്ക് ഷോപ്പ് അറ്റന്റഡറെയോ നിയോഗിക്കണമെന്നാണ് ശ്രീ.സജിത്ത് കുമാർ കെ.എസ് പറയുന്നതെന്നും പരാമർശം പ്രകാരം പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്.

മേൽ പറയും പ്രകാരം നിരുത്തരവാദിത്വപരമായി പെരുമാറുന്ന ശ്രീ.സജിത്ത്.കെ.എസ്, അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ടിനെ കാസർഗോഡ് ഐ.ടി.ഐയിലേക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു. ടിയാനെ ഉടനെ പ്രിൻസിപ്പാൾ വിടുതൽ ചെയ്യേണ്ടതാണ്. അതോടൊപ്പം ചാലക്കുടി ഐ.ടി.ഐയിലെ ഹോസ്റ്റലിന്റെ ചുമതല ഒരു ഗ്രൂപ്പ് ഇൻസ്ട്രക്ടറുടെ മേൽ നോട്ടത്തിൽ ടി സ്ഥാപനത്തിലെ ക്വാർട്ടേസിൽ താമസിക്കുന്ന ഒരു ഇൻസ്ട്രക്ടർക്ക് നൽകേണ്ടതും ഹോസ്റ്റലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട റിപ്പോർട്ട് എല്ലാ മാസവും പ്രിൻസിപ്പാൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഒപ്പ്

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:-

ശ്രീ.സജിത്ത് കുമാർ.കെ.എസ്,
അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് ,
ഐ.ടി.ഐ., ചാലക്കുടി.

പകർപ്പ്:-

1. പ്രിൻസിപ്പാൾ
   ഐ.ടി.ഐ., ചാലക്കുടി.
2. SF (A3)

//ഉത്തരവിൻ പ്രകാരം//

Reji.s

സീനിയർ സൂപ്രണ്ട്